(സി) എങ്കിൽ അതുകൂടി ഉൾപ്പെടുത്തി ആറളം വന്യജീവി സങ്കേതത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആറളം വന്യജീവി സങ്കേതത്തിന്റെ നിലവിലുള്ള വിസ്തൃതി 55 ചതുരശ്ര കിലോമീറ്റർ ആണ്.

(ബി) ഉണ്ട്.

(സി) ഈ കാര്യം പരിശോധിക്കുന്നതാണ്.

കണ്ടൽക്കാട് സംരക്ഷണ പ്രവർത്തനം

124 (4476) ശ്രീ കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടൽകാട് സംരക്ഷണം. തീരദേശ സംരക്ഷണം, പുറംപോക്ക് ഭൂമിയിൽ മരംവച്ചുപിടിപ്പിക്കൽ, കശുമാവ് നടീൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് ഉണ്ടായിട്ടും പദ്ധതി നടപ്പിലാക്കാതിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ പദ്ധതി മുഖാന്തിരം കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ 2009 ഏപ്രിൽ മാസം മുതൽ മൂന്നാം വർഷ പ്ലാന്റേഷൻ സംരക്ഷണത്തിനായി എത്ര മസ്ദൂർ വാച്ചറൻമാരെ നിയോഗിച്ചു ; അവരുടെ പേരും മേൽവിലാസവും നൽകുമോ ?

ഉത്തരം

(എ) ഇല്ല. ഈ പദ്ധതികൾ സോഷ്യൽ ഫോറസ്ട്രിക്ക് ലഭിച്ച ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു.

(ബി) ഒരു ദിവസം 2 മസ്ദൂർ എന്ന ക്രമത്തിൽ 300 ദിവസത്തേയ്ക്ക് മസ്ദൂർമാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ മേൽവിലാസം ചുവടെ ചേർക്കുന്നു.

1. കെ. അശോകൻ, മുള്ളുമല ഗിരിജൻ കോളനി, മണ്ണാറപ്പാറ.
2. എ. കമലാസനൻ, മുള്ളുമല ഗിരിജൻ കോളനി, മണ്ണാറപ്പാറ.
3. കെ. ലിസി, മുള്ളുമല ഗിരിജൻ കോളനി, മണ്ണാറപ്പാറ.
4. വി. പുഷ്പരാജൻ, കരിയിട വീട്, ആലുംകടവ് പി.ഒ., കരുനാഗപ്പള്ളി.

വന സംരക്ഷണം

125 (4477) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലുള്ള വനസംരക്ഷണിനുള്ള പോരായ്മകളെയും വനം കൈയ്യേറ്റങ്ങളെയും സംബന്ധിച്ച് പ്രകൃതി

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണ, സമിതികൾ എത്ര ഐ.എ.കൾ സുപ്രീം കോടതിയിൽ തിരുമുൽപ്പാട് കേസിൽ ഫയൽ ചെയ്തിട്ടുണ്ട് ;

(ബി) അവ ഏതെല്ലാം വനപ്രദേശങ്ങളെ സംബന്ധിച്ചുള്ളതാണ് ;

(സി) ഈ അപേക്ഷകളിൽ എത്രയെണ്ണത്തിൽ സംസ്ഥാന സർക്കാർ കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട് ;

(ഡി) ഇനി എത്ര എണ്ണത്തിന് കൗണ്ടർ ഫയൽ ചെയ്യാനുണ്ട് ;

(ഇ) ഈ കേസ്സുകളിൽ കൗണ്ടർഫയൽ ചെയ്യാത്തതിന്റെ കാരണങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) തിരുമുൽപ്പാട് കേസ്സിനോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിലെ വനസംരക്ഷണത്തിനുള്ള പോരായ്മകളെയും വനം കയ്യേറ്റങ്ങളെയും സംബന്ധിച്ച് പ്രകൃതി സ്നേഹികൾ 305, 307, 715, 655, 233, 413 എന്നീ 6 ഐ.എ.കൾ ബഹു. സുപ്രീം കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) അവ ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ്, സംസ്ഥാനത്തൊട്ടാകെയുള്ള വനപ്രദേശങ്ങളിലെ കയ്യേറ്റങ്ങൾ, ഇടുക്കി ജില്ലയിലെ മൂന്നാറിലെ കണ്ണൻദേവൻ മല, മാങ്കുളം പ്രദേശം മന്നവൻചോല റിസർവ്വ്, വാഗമൺ പ്രദേശം എന്നിവിടങ്ങളിലെ വന പ്രദേശങ്ങളെ സംബന്ധിച്ചുള്ളതാണ്.

(സി) ഐ.എ. 233, 305, 307 എന്നിവയ്ക്ക് സംസ്ഥാന സർക്കാർ കൗണ്ടർ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി & ഇ) 3 എണ്ണം. ഐ.എ. 655, 413, 715 എന്നിവയിൽ കൗണ്ടർ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

ഐ.എസ്.ആർ.ഒ. യ്ക്ക് വിറ്റ മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ച്

127 (4478) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എസ്.ആർ.ഒ. യ്ക്ക് സേവി മനോ മാത്യു വിറ്റ 81.50 ഏക്കർ മെർക്കിസ്റ്റൺ എസ്റ്റേറ്റ് സംബന്ധിച്ച 7-9-2007-ലെ ഇ.എഫ്.എൽ. കസ്റ്റോഡിയന്റെ ഉത്തരവും, പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ തിരുവനന്തപുരം ഡി.എഫ്.ഒ നൽകിയ നോട്ടീസും, സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly